"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷൻ മുൻ സെക്രട്ടറിമാരായ ശ്രീ.ജോണി സെബാസ്റ്റ്യൻ, ശ്രീ.എസ്.വിജയകുമാർ എന്നിവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി ശ്രീ കെ പി വിജയകുമാർ സമർപ്പിച്ച അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) കുപ്പ്**

സ.ഉ.(സാധാ) നം.192/2024/LSGD തീയതി,തിരുവനന്തപുരം, 23-01-2024

---

പരാമർശം:-
1. ശ്രീ.കെ.പി.വിജയകുമാറിന്റെ 03.10.2021 ലെ അപേക്ഷ
2. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 07.10.2023 ലെ LSGD/PD/19237/2023-VIGD5 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ചെറോട്ട് വയൽ ചേരി പരിഷ്കരണ ഫണ്ട് വകമാറ്റിയത് സംബന്ധിച്ച് കോഴിക്കോട് വിജിലൻസ് കോടതിയിൽ ശ്രീ.കെ.പി വിജയകുമാർ ഫയൽ ചെയ്ത VC12/2013/VACB നമ്പർ കേസിൽ കോഴിക്കോട് കോർപ്പറേഷൻ മുൻ സെക്രട്ടറിമാരായ ശ്രീ.ജോണി സെബാസ്റ്റ്യൻ, ശ്രീ.എസ്.വിജയകുമാർ, സാങ്കേതിക വിഭാഗം ജീവനക്കാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ അനുമതി ലഭ്യമാക്കുന്നതിനായി 12.08.2021 ൽ ബഹു എൻക്വയറി കമ്മീഷൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ അനുമതി ലഭ്യമാക്കുന്നതിനായി ശ്രീ.കെ.പി വിജയകുമാർ പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരിക്കുന്നു.

2. കോഴിക്കോട് കോർപ്പറേഷന്റെ ചെറോട്ട് വയൽ ചേരിയിൽ ഡ്രെയിനേജും ഫുട്പാത്തും നിർമ്മാണം എന്ന പ്രവർത്തിക്ക് 2,87,000/- രൂപ പദ്ധതി വിഹിതവും പതിമൂന്നായിരം രൂപ തനത് ഫണ്ടും ഉൾപ്പെടെ മൂന്ന് ലക്ഷം രൂപ അടങ്കൽ പ്രവർത്തിയിൽ പ്രൊജക്ട് നമ്പർ 763/08-09 ജില്ലാ പ്ലാനിംഗ് കമ്മിറ്റി 29.11.2008 (540/08/DPL/DPC) പ്രകാരം പദ്ധതി അംഗീകരിക്കുകയും 23.01.2009 ന് ടെൻഡർ ചെയ്യുകയും 30.01.2009 ന് ശ്രീ.ഗിരീഷ് എന്ന കോൺട്രാക്ടർക്ക് കരാർ നൽകുകയും 16.02.2009 ന് ശ്രീ.ഗിരീഷ് കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. വിജിലൻസിന്റെ

പ്രാഥമിക പരിശോധനയിൽ പ്രോജക്ടിന് അംഗീകാരം കിട്ടിയ സ്ഥലത്തല്ല പ്രവർത്തി നടത്തിയതെന്നും ആദ്യ എസ്റ്റിമേറ്റ് പ്രകാരം കുറച്ച് ജോലി ചെയ്യുകയും നാട്ടുകാരുടെ എതിർപ്പ് കാരണം പ്രവർത്തി മറ്റൊരു സ്ഥലത്ത് ചെയ്തു എന്നാണ് കണ്ടെത്തിയിട്ടുള്ളത്.

3. സാധാരണ ഒരു അംഗീകൃത പ്രവർത്തി ഫീൽഡ് തലത്തിൽ നടപ്പിലാക്കുന്നതിൽ സാങ്കേതികമായ പ്രശ്നമോ സൈറ്റിൽ ഉണ്ടാകുന്ന മറ്റ് പ്രശ്നമോ നിർവഹണ ഉദ്യോഗസ്ഥർ രേഖമൂലം കൗൺസിൽ മുമ്പാകെയോ കോർപ്പറേഷൻ സെക്രട്ടറിക്കോ എഴുതി നൽകിയ ശേഷം പുതിയ എസ്റ്റിമേറ്റ്, എ.എസ്, ടി.എസ്, ഡി.പി.സി അംഗീകാരം എന്നിവ വാങ്ങേണ്ടതുണ്ട്. പരാതിയിലെ പ്രവർത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രവർത്തി പൂർത്തിയാക്കിയതിനുശേഷമാണ് എന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്.

4. ലഭ്യമായ രേഖകളുടെ പരിശോധനയിൽ നിലവിലുള്ള ഡ്രയിനേജിന്റെ പാർശ്വഭിത്തി ഉയർത്തൽ, ഡ്രയിനേജ് കം ഫുട്പാത്ത് പൊട്ടിപ്പൊളിഞ്ഞ കവറിങ് സ്ലാബ് മാറ്റൽ എന്നീ പ്രവർത്തി നടത്തേണ്ടിയിരുന്നത് ചേരിയിലെ ആളുകളുടെ തടസ്സം കാരണം നടപ്പിലാക്കാൻ സാധിക്കാതിരുന്നെന്ന് കാണുന്നു. വിഭാവനം ചെയ്ത പ്രവർത്തി നടക്കാതെ പോയപ്പോൾ തൊട്ടടുത്ത പ്രദേശത്തെ ജനങ്ങളുടെ ആവശ്യ പ്രകാരം പ്രൊജക്ടിൽ ഭേദഗതി വരുത്തി 2,71,545 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് 13.10.2009 ന് 61-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിക്കുകയും സംസ്ഥാന സാങ്കേതിക ഗ്രൂപ്പിന്റെ ശിപാർശയോടെ 26.10.2009 ന് ഡി.പി.സി. അംഗീകരിക്കുകയും 2009-10 വർഷത്തെ ജനകീയ ആസൂത്രണ പദ്ധതി രേഖയിൽ പ്രോജക്ട് നമ്പർ 249/10 പ്രസിദ്ധീകരിക്കുകയും 06.11.2009 ന് കോർപ്പറേഷൻതല സാങ്കേതിക ഉപദേശക സമിതി സാങ്കേതികാനുമതി നൽകിയതിനു ശേഷമാണ് കോൺട്രാക്ടർക്ക് തുക നൽകിയത് എന്ന് കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണത്തിൽ 2008-09 വർഷത്തെ ജനകീയ ആസൂത്രണ പദ്ധതിയിൽ പ്ലാൻ ഫണ്ട് ജനറൽ വിഭാഗത്തിൽപ്പെട്ട ഫണ്ടാണ് ഉപയോഗിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2009 മാർച്ച് മാസത്തിൽ പ്രവർത്തി പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ലെന്നും, പ്രോജക്ടിൽ നിർദ്ദേശിച്ച ചെറോട്ട് വയൽ പ്രദേശത്തെ ഡ്രയിനേജിന് മുകളിലെ പൊളിഞ്ഞ കവറിംഗ് സ്ലാബ് മാറ്റി പുതിയ സ്ലാബ് ഇടുന്ന പ്രവർത്തിയും ചെറോട്ട് വയൽ വടക്ക് ഭാഗത്തെ ഡ്രയിനേജിന്റെ പാർശ്വഭിത്തി നിർമ്മാണവും ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുണ്ടെന്നും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം കിട്ടുന്നതിന് മുമ്പ് തന്നെ പ്രവർത്തി നടന്നു

കഴിഞ്ഞു എന്ന വിജിലൻസ് കണ്ടെത്തലിന് കൃത്യമായി മറുപടി ലഭിച്ചിട്ടില്ല. കൂടാതെ ആദ്യം തിരഞ്ഞെടുത്ത കോൺട്രാക്ടറെകൊണ്ട് തന്നെയാണ് പ്രവർത്തി ചെയ്യിപ്പിച്ചത്. എസ്റ്റിമേറ്റ് തുക മാറുകയും സ്ഥലം മാറുകയും ചെയ്തിട്ടും പുതിയ ടെണ്ടർ ചെയ്യാതെയാണ് കരാറുകാരനെ ഏൽപ്പിച്ചത് എന്ന് ഫയലിൽ വ്യക്തമാണ്. 02.09.2013 ലെ സ.ഉ(സാധാ)നം 2222/13/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പ്രവർത്തി നടത്തിയത് ഒരേ വാർഡിലാണ്. ഡി.പി.സി. അംഗീകാരം, സാങ്കേതിക അംഗീകാരം എന്നിവ നേടിയ പ്രവർത്തിക്ക് എതിരെ പൊതുജനങ്ങൾ എതിർപ്പ് പ്രകടിപ്പിച്ചതിനാലും പ്രവർത്തി നടന്ന രണ്ട് സ്ഥലങ്ങളും സമാനമായ സ്ഥലങ്ങളായതിനാൽ വർക്ക് റീടെണ്ടർ ചെയ്യണമെന്ന വാദം ശരിയല്ല എന്ന് കണ്ടെത്തിയിരുന്നു. കൂടാതെ കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വിശദീകരണം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയിൽ അംഗീകരിക്കാവുന്നതാണ് എന്ന് സർക്കാർ കണ്ടെത്തുകയും കുറ്റാരോപിതരായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.കെ.പി.രമേശനെ കുറ്റവിമുക്തനാക്കുകയും കോർപ്പറേഷൻ എഞ്ചിനീയർ ശ്രീ.കെ.പി.മാത്യുവിനെതിരായ തുടർനടപടികൾ അവസാനിപ്പിക്കുകയും ചെയ്ത് ഉത്തരവായിട്ടുള്ളതാണ്.

6. 2008 വർഷത്തിൽ ആസൂത്രണം ചെയ്ത ചെറോട്ട് വയൽ ചേരി പരിഷ്കരണ പദ്ധതി പൂർണ്ണമായ തോതിൽ നടപ്പിലാക്കാൻ സാധിക്കാതെ വന്നെങ്കിലും 2009 ആഗസ്റ്റ് മാസത്തിൽ കെ.എസ്.യു.ഡി.പി.യുടെ ഭാഗമായി ആവിഷ്കരിക്കുകയും 15.01.2010 ന് 40,27,737/- രൂപ അടങ്കൽ തുക കാണിച്ച് പ്രവർത്തി ആരംഭിച്ച എങ്കിലും സ്ഥലവാസികളുടെ എതിർപ്പ് കാരണം നടപ്പിലാക്കാൻ സാധിക്കാതെ വന്നിട്ടുണ്ടെന്നും മനസ്സിലാക്കുന്നു. ഇത് തെളിയിക്കുന്നത് ചേരി പ്രദേശത്തെ അഭിവൃദ്ധിപ്പെടുത്താൻ കോർപ്പറേഷൻ പരിശ്രമിച്ചിട്ടുണ്ട് എന്നാണ്. കൂടാതെ പരാതിയിൽ പറഞ്ഞ പ്രവൃത്തി ആദ്യം വിഭാവനം ചെയ്ത വാർഡിൽ തന്നെയാണ് ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നടന്നത്. തുക നൽകുന്നതിന് മുമ്പ് നിയമപ്രകാരമുള്ള അംഗീകാരങ്ങൾ വാങ്ങിയതായി വിജിലൻസ് റിപ്പോർട്ടിലും ചൂണ്ടികാണിച്ചിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ചതിന് ശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കിയത് എന്ന കാര്യമാണ് നിലവിൽ ഉദ്യോഗസ്ഥർക്കെതിരെ ഉള്ളത്. ആയതിനാൽ ഫണ്ട് തിരിമറി നടക്കാത്തതിനാലും തുക നൽകിയതിന് അനുസരിച്ച് പ്രവർത്തി പൂർത്തീകരിച്ചതിനാലും കോർപ്പറേഷന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ല എന്ന് വിജിലൻസ് കണ്ടെത്തിയതിനാലും നടപടിക്രമത്തിൽ വന്ന പിശകിൽ പ്രോസിക്യൂട്ട് ചെയ്യുന്ന തലത്തിൽ വലിയ ശിക്ഷ നൽകേണ്ട സാഹചര്യം പ്രഥമ ദൃഷ്ട്യ ഇല്ലായെന്ന് കാണുന്ന വിവരം തുടർ നടപടികൾക്കായി പ്രിൻസിപ്പൽ ഡയറക്ടർ

സമർപ്പിച്ചിട്ടുണ്ട്.

7. സർക്കാർ ഇക്കാര്യം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും കോഴിക്കോട് കോർപ്പറേഷൻ മുൻ സെക്രട്ടറിമാരായ ശ്രീ.ജോണി സെബാസ്റ്റ്യൻ, ശ്രീ.എസ്.വിജയകുമാർ എന്നിവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി ശ്രീ കെ പി വിജയകുമാർ സമർപ്പിച്ച അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തികൾക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ശ്രീ. കെ പി വിജയകുമാർ, കാവിൽ പുതിയ വീട്ടിൽ, എരഞ്ഞിപ്പാലം പി ഒ, കോഴിക്കോട്-673006
ഡയറക്ടർ,വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 23-01-2024 14:49:32
സെക്ഷൻ ഓഫീസർ